# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3115 — 07.02.2018 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷനും റീസർവ്വേ നടപടികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസുകൾ ഡിജിറ്റൽ വൽക്കരിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ; ഏതൊക്കെ വില്ലേജ് ഓഫീസുകൾ ഡിജിറ്റൽവൽക്കരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ റീ സർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്ക്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വെ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വെ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. സംസ്ഥാനത്തെ 1440 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുണ്ട്. ഭൂസംബന്ധമായ ടെക്സ്ച്വൽ ഡാറ്റ വിവരങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരവും, സ്പാഷ്യൽ ഡാറ്റ വിവരങ്ങൾ സർവ്വെ വകുപ്പുമാണ് ഡിജിറ്റൈസ് ചെയ്തു വരുന്നത്. സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സംസ്ഥാനത്തെ ഡിജിറ്റൽവൽക്കരിച്ച വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം(1) ആയി ചേർക്കുന്നു.

**(ബി)** വില്ലേജുകളിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; ഇനിയും ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കാൻ ഉണ്ടെന്ന് ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**(ബി)** സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും റീ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീ സർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 765 വില്ലേജുകളിലെ റീ സർവ്വെ ശേഷിക്കുന്നതുമാണ്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം(2) ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം(1)

## ഡിജിറ്റൽവൽക്കരിച്ച വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3115 - പിരിവ്(എ)

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകൾ | ഓൺലൈൻ ആയവയുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 124 | 123 |
| 2. | കൊല്ലം | 105 | 88 |
| 3. | പത്തനംതിട്ട | 70 | 56 |
| 4. | ആലപ്പുഴ | 93 | 84 |
| 5. | കോട്ടയം | 100 | 100 |
| 6. | ഇടുക്കി | 68 | 28 |
| 7. | എറണാകുളം | 127 | 127 |
| 8. | തൃശ്ശൂർ | 255 | 245 |
| 9. | പാലക്കാട് | 157 | 152 |
| 10. | മലപ്പുറം | 138 | 138 |
| 11. | കോഴിക്കോട് | 118 | 108 |
| 12. | വയനാട് | 49 | 49 |
| 13. | കണ്ണൂർ | 132 | 115 |
| 14. | കാസർഗോഡ് | 128 | 27 |
| | **ആകെ** | **1664** | **1440** |

സെക്ഷൻ ഓഫീസർ

അനുബന്ധം(2)

## റീ സർവ്വെ പൂർത്തിയാക്കിയതും അല്ലാത്തതുമായ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിവരം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3115 - പിരിവ്(ബി)

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകൾ | റവന്യൂ ഭരണത്തിന് കൈമാറിയത് | ശേഷിക്കുന്നത് |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 124 | 108 | 16 |
| 2. | കൊല്ലം | 105 | 88 | 17 |
| 3. | പത്തനംതിട്ട | 70 | 58 | 12 |
| 4. | ആലപ്പുഴ | 93 | 76 | 17 |
| 5. | കോട്ടയം | 100 | 85 | 15 |
| 6. | ഇടുക്കി | 68 | 36 | 32 |
| 7. | എറണാകുളം | 127 | 74 | 53 |
| 8. | തൃശ്ശൂർ | 255 | 71 | 184 |
| 9. | പാലക്കാട് | 157 | 115 | 42 |
| 10. | മലപ്പുറം | 138 | 56 | 82 |
| 11. | കോഴിക്കോട് | 118 | 16 | 102 |
| 12. | വയനാട് | 49 | 36 | 13 |
| 13. | കണ്ണൂർ | 132 | 58 | 74 |
| 14. | കാസർഗോഡ് | 128 | 22 | 106 |
| | **ആകെ** | **1664** | **899** | **765** |

സെക്ഷൻ ഓഫീസർ